# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

### നാൽപത്തിയൊന്നാമത് റിപ്പോർട്ട്

**(2025 മാർച്ച് 19-ാം തീയതി സമർപ്പിച്ചത്)**

### വാർഷിക പ്രവർത്തന റിപ്പോർട്ട് - 2024

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**നാൽപത്തിയൊന്നാമത് റിപ്പോർട്ട്**

**(2025 മാർച്ച് 19-ാം തീയതി സമർപ്പിച്ചത്)**

**വാർഷിക പ്രവർത്തന റിപ്പോർട്ട് - 2024**

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| കമ്മിറ്റിയുടെ ഘടന | | - | V |
| ആമുഖം | | - | VII |
| റിപ്പോർട്ട് | | - | 1 |
| അനുബന്ധം I - | സമിതി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം | - | |
| അനുബന്ധം II - | സമിതി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും | | |
| അനുബന്ധം III - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം | | |
| അനുബന്ധം IV - | 2024-ൽ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തിയ എസ്.ആർ.ഒ. കളുടെ ലിസ്റ്റ് | | |
| അനുബന്ധം V - | 2024-ൽ കമ്മിറ്റി തീർപ്പാക്കിയ ഫയലുകളുടെ ലിസ്റ്റ് | | |
| അനുബന്ധം VI - | സർക്കാരിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ നടപടി തുടരുന്ന ഫയലുകളുടെ ലിസ്റ്റ് | | |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

**(2023-2026)**

**ഘടന**

**ചെയർപേഴ്സൺ :**

**ശ്രീ. എം. എം. മണി, എം.എൽ.എ.**

**അംഗങ്ങൾ** :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്** :

**ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി**

**ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി**

**ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി**

**ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി**

## ആമുഖം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 201 (2) പ്രകാരമുള്ള കമ്മിറ്റിയുടെ **2024-**ലെ വാർഷിക പ്രവർത്തന റിപ്പോർട്ടാണിത്. 2024 ജനവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിലെ കമ്മിറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. റിപ്പോർട്ടു കാലായളവിൽ കമ്മിറ്റി **21** യോഗങ്ങൾ ചേരുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ വിവിധ ആക്റ്റുകളിൻ കീഴിൽ സർക്കാർ വിജ്ഞാപനം ചെയ്ത എസ്.ആർ.ഒ. കൾ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തുകയും ആയതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. അപ്രകാരം സമിതി സൂക്ഷ്മ പരിശോധന നടത്തുകയുണ്ടായ വിഷയങ്ങളിന്മേൽ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തിയ റിപ്പോർട്ടുകൾ തയ്യാറാക്കുകയും സഭയിൽ സമർപ്പിക്കുകയും ചെയ്തു. കമ്മിറ്റിയുടെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ സംക്ഷിപ്തമാണ് ഈ റിപ്പോർട്ട് .

2025 മാർച്ച് 17-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,

ചെയർപേഴ്സൺ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,

2025 മാർച്ച് 19

## റിപ്പോർട്ട്

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി 1957-ലാണ് രൂപീകൃതമായത്. നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 254 പ്രകാരമാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി രൂപീകരിക്കുന്നത്. ചെയർപേഴ്സണുൾപ്പെടെ ഒൻപത് അംഗങ്ങളാണ് കമ്മിറ്റിയിൽ ഉള്ളത്. റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ ഉണ്ടാക്കാൻ ഭരണഘടന നൽകിയിട്ടുള്ളതോ, നിയമസഭ ഏൽപ്പിച്ചുകൊടുത്തിട്ടുള്ളതോ ആയ അധികാരങ്ങൾ അങ്ങനെ ഏൽപ്പിച്ചുകൊടുക്കപ്പെട്ട അധികാരങ്ങളുടെ പരിധിക്കുള്ളിൽ ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്ന് സസൂക്ഷ്മം പരിശോധിച്ച് കമ്മിറ്റി സഭയിൽ റിപ്പോർട്ട് ചെയ്യുന്നു.

2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. സമിതിയുടെ ഘടന, സമിതിയുടെ കർത്തവ്യങ്ങൾ, സമിതിയുടെ പ്രവർത്തനങ്ങൾ, സമിതി ചേർന്ന യോഗങ്ങൾ, അഖിലേന്ത്യാ പഠനപര്യടന യാത്രകൾ, യോഗത്തിൽ പരിഗണിച്ച വിഷയങ്ങൾ, സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ, സമിതി സൂക്ഷ്മ പരിശോധന നടത്തിയ എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ, ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ വിശദാംശങ്ങൾ, അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ നടപടി തുടരുന്ന ഫയലുകൾ എന്നിവയുടെ ലിസ്റ്റും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

2023 ഡിസംബർ 14-ാം തീയതതിയിലെ ബുള്ളറ്റിൻ ഭാഗം 2 നമ്പർ 447 പ്രകാരം രൂപീകരിച്ച പതിനഞ്ചാം കേരള നിയമസഭയുടെ നിലവിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2023-26)-ൽ ചെയർപേഴ്സണുൾപ്പെടെ ഒൻപത് അംഗങ്ങളാണുള്ളത്.

## കമ്മിറ്റിയുടെ ഘടന

**ചെയർപേഴ്സൺ**

ശ്രീ. എം. എം. മണി, എം.എൽ.എ.

**അംഗങ്ങൾ :**

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

## കമ്മിറ്റിയുടെ കർത്തവ്യങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 255 പ്രകാരം വിജ്ഞാപനം ചെയ്ത റഗുലേഷൻ, ചട്ടം, ഉപചട്ടം, ബൈലാ മുതലായ ഓരോ ഉത്തരവും ഗസറ്റിൽ വിജ്ഞാപനം ചെയ്ത ശേഷം സമിതി ചുവടെ ചേർക്കും വിധം പരിഗണിക്കേണ്ടതാണ്.

i. ഭരണഘടനയുടെയോ അഥവാ അത് ഏത് ആക്ററനുസരിച്ചാണോ ഉണ്ടാക്കിയിട്ടുള്ളത് ആ ആക്റ്റിലെയോ സാമാന്യോദ്ദേശങ്ങൾക്ക് അത് അനുയോജ്യമാണോയെന്നും ;

ii. നിയമസഭയുടെ ഒരു ആക്റ്റ് പ്രകാരം കൂടുതൽ നന്നായി കൈകാര്യം ചെയ്യേണ്ടതാണെന്ന് കമ്മിറ്റിക്ക് അഭിപ്രായമുള്ള സംഗതി അതിൽ അടങ്ങിയിട്ടുണ്ടോ എന്നും;

iii. ഏതെങ്കിലും നികുതി ചുമത്തൽ അതിൽ ഉൾപ്പെടുന്നുണ്ടോ എന്നും;

iv. നേരിട്ടോ അല്ലാതെയോ കോടതികളുടെ അധികാരം അത് തടസ്സപ്പെടുത്തുന്നുണ്ടോ എന്നും;

v. ഭരണഘടനയോ ആക്റ്റോ അങ്ങനെയുള്ള യാതൊരധികാരവും സ്പഷ്ടമായി നൽകാത്ത ഏതെങ്കിലും വ്യവസ്ഥയ്ക്ക് അതുമൂലം പൂർവ്വകാല പ്രാബല്യം കൊടുക്കുന്നുണ്ടോ എന്നും;

vi. കേരള സംസ്ഥാനത്തെ സഞ്ചിതനിധിയിൽ നിന്നോ പൊതുമുതലിൽ നിന്നോ ചെലവ് ചെയ്യുന്നതിന് അത് ഇടയാക്കുന്നുണ്ടോ എന്നും;

vii. ഭരണഘടനയോ, ഏത് ആക്റ്റനുസരിച്ചാണോ അതുണ്ടായിട്ടുള്ളത് ആ ആക്റ്റോ നൽകിയിട്ടുള്ള അധികാരങ്ങൾ അത് അസാധാരണമായോ പ്രതീക്ഷിക്കാത്ത തരത്തിലോ ഉപയോഗിക്കുന്നതായി കാണുന്നുണ്ടോ എന്നും;

viii. അത് പ്രസിദ്ധപ്പെടുത്തുന്നതിലോ നിയമസഭയുടെ മുൻപാകെ വയ്ക്കുന്നതിലോ ന്യായീകരിക്കാൻ വയ്യാത്ത കാലതാമസം വരുത്തിയിട്ടുള്ളതായി കാണുന്നുണ്ടോ എന്നും;

ix. ഏതെങ്കിലും കാരണവശാൽ അതിന്റെ രൂപത്തേയോ ഉദ്ദേശത്തേയോ പറ്റി വല്ല വിശദീകരണവും വേണമോ എന്നും ;

## 2024-ലെ സമിതിയുടെ പ്രവർത്തനം

കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പാസ്സാക്കുന്ന നിയമങ്ങൾ നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ടു സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ സമിതി സൂക്ഷ്മ പരിശോധന നടത്തുന്നു. സൂക്ഷ്മ പരിശോധനയിൽ കണ്ടെത്തുന്ന ന്യൂനതകൾ/ പോരായ്മകൾ സംബന്ധിച്ച് നിയമ വകുപ്പിലെയും ബന്ധപ്പെട്ട വകുപ്പിലെയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തെളിവ് ശേഖരിക്കുകയും ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശകൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും അവ സഭയിൽ സമർപ്പിക്കുകയും ചെയ്തുവരുന്നു. ഇപ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കുന്ന നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും തൃപ്തികരമായവ അംഗീകരിക്കുകയും തുടർന്ന് സമിതി റിപ്പോർട്ടിന്മേൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

വിവിധ നിയമനിർമ്മാണങ്ങളിൽ അതിൻ പ്രകാരം ഏൽപ്പിച്ചുകൊടുത്ത് അധികാരങ്ങളുടെ പരിധി പാലിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സ്റ്റാറ്റ്യൂട്ടറി

ചട്ടങ്ങൾ, ഉത്തരവുകൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവയുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി **1345** എസ്.ആർ.ഒ.-കൾ റിപ്പോർട്ട് കാലയളവിൽ സമിതി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ആയതിൽ **2023** കലണ്ടർ വർഷത്തിൽ സർക്കാർ പ്രസിദ്ധീകരിച്ച **1** മുതൽ **1409** നമ്പർ വരെയുള്ള എസ്.ആർ.ഒ. കളിൽ ഉദ്ദേശം **1300** ഓളം എസ്.ആർ.ഒ. കളും മുൻ വർഷങ്ങളിലെ ഏതാനും എസ്.ആർ.ഒ. കളും ഉൾപ്പെടുന്നു. സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലി സമിതി അംഗീകരിക്കുകയും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശാനുസരണം ഗവൺമെന്റിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. മറുപടി ലഭ്യമാക്കിയവയിന്മേൽ സമിതി യോഗം ചേർന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് തടത്തുകയും ചെയ്തു.

## യോഗങ്ങൾ

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി റിപ്പോർട്ട് കാലയളവിൽ നിയമസഭാ സമുച്ചയത്തിൽ വച്ച് **14** യോഗങ്ങളും അഖിലേന്ത്യാ പഠന പരിപാടിയോടനുബന്ധിച്ച് **7** യോഗങ്ങളും ചേരുകയുണ്ടായി.

## അഖിലേന്ത്യാ പഠന പര്യടനം

സമിതി (2023-26)-യുടെ കാലയളവിൽ 23.09.2024 മുതൽ 29.09.2024 വരെയുള്ള തീയതികളിൽ സമിതി അഖിലേന്ത്യാ പഠനപര്യടനം നടത്തി. അഖിലേന്ത്യാ പഠനപര്യടന പരിപാടിയുടെ ഭാഗമായി ഒഡീഷ, പശ്ചിമ ബംഗാൾ, മേഘാലയ എന്നീ സംസ്ഥാനങ്ങൾ സമിതി സന്ദർശിച്ചു. പ്രസ്തുത സന്ദർശന വേളയിൽ 7 യോഗങ്ങൾ സമിതി ചേർന്നിരുന്നു.

സമിതി യോഗങ്ങളുടെ വിവരങ്ങൾ **അനുബന്ധം I**-അയും സമിതി യോഗങ്ങളിൽ പങ്കെടുത്ത അംഗങ്ങൾ, പരിഗണിച്ച വിഷയം, യോഗ തീയതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം II – ആയും ചേർത്തിരിക്കുന്നു.

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

റിപ്പോർട്ട് കാലയളവിൽ സമിതി **14** റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി. അതിൽ എസ്. ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള 7 റിപ്പോർട്ടുകളും സമിതി റിപ്പോർട്ടുകളിലെ ശിപാർശകൾക്ക് വകുപ്പിൽ നിന്നും ലഭിച്ച മറുപടികൾ ഉൾകൊള്ളിച്ചുകൊണ്ടു തയ്യാറാക്കിയ 6 ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും 1 വാർഷിക പ്രവർത്തന റിപ്പോർട്ടും ഉൾപ്പെടുന്നു. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം **അനുബന്ധം III** ആയി ചേർത്തിരിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയതും സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മറുപടിയ്ക്കായി വകുപ്പുകൾക്ക് അയച്ചു നൽകിയതുമായ എസ്.ആർ.ഒ. -കളുടെ ലിസ്റ്റ് **അനുബന്ധം IV** ആയി ചേർത്തിരിക്കുന്നു.

എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള സമിതി റിപ്പോർട്ടുകളിന്മേൽ അന്തിമ നടപടി പത്രിക ലഭിച്ച് നടപടി പൂർത്തിയാക്കിയ ഫയലുകളുടെ വിശദാംശങ്ങൾ **അനുബന്ധം-V** ആയി ചേർത്തിരിക്കുന്നു.

സമിതി റിപ്പോർട്ടുകളിന്മേൽ നടപടി പത്രികകൾ സർക്കാരിൽ നിന്നും ലഭ്യമാക്കാത്ത അവസരങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും നടപടി പത്രികകൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു. എന്നാൽ ആയതിനു ശേഷവും മറുപടി / അന്തിമ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതു സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം -VI** ആയും ചേർത്തിരിക്കുന്നു.

കമ്മിറ്റി (2021-23) യുടെ 9-ാമത് റിപ്പോർട്ടിലെയും, 11-ാമത് റിപ്പോർട്ടിലെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ്, 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് എന്നീ രണ്ട് പ്രധാന ആക്റ്റുകളിലും കാലാനുസൃതമായ ഭേദഗതികൾ കൊണ്ടു വന്നത് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലായിരുന്നു. ഇത്തരത്തിൽ കാര്യമാത്രപ്രസക്തമായ രീതിയിൽ പ്രവർത്തനം നടത്തിവരുന്ന സമിതിയെ ബഹുമാനപ്പെട്ട സ്പീക്കർ 2024 ഓക്ടോബർ 15-ന് പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം നിയമസഭാ സമ്മേളനത്തിന്റെ അവലോകനം നടത്തുന്നത വേളയിൽ അഭിനന്ദിക്കുകയുണ്ടായി.

ഏൽപിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം (Delegated Powers) വിനിയോഗിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ ഭരണഘടനയുടെയോ അഥവാ അത് ഏത് ആക്റ്റിനനുസരിച്ചാണോ ഉണ്ടാക്കിയിട്ടുള്ളത് ആ അക്റ്റിലെയോ സാമാന്യോദ്ദേശ്യങ്ങൾക്ക് അനുയോജ്യമായിട്ടാണോ പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് പരിശോധിക്കുക എന്ന ഉത്തരവാദിത്തം 2024 വർഷത്തിൽ കമ്മിറ്റി നടത്തിപോന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പ്രസ്തുത ചട്ടങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുതകുന്ന തരത്തിലുള്ള ശിപാർശകൾ സഭ മുമ്പാകെ റിപ്പോർട്ട് മുഖേന സമർപ്പിക്കാൻ കഴിഞ്ഞുവെന്നത് ഏറെ ചാരിതാർത്ഥ്യം നൽകുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാർ നിയമനിർമ്മാണാധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ചിട്ടുള്ള വിവിധ നോട്ടിഫിക്കേഷനുകളും കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കി. ഈ വേളയിൽ എല്ലാം തന്നെ വിവിധ വകുപ്പുകൾ കമ്മിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിസീമമായി സഹകരിച്ചുവെന്നതും എടുത്തുപറയത്തക്കതാണ്. മുൻ കാലങ്ങളിൽ സമിതി സമർപ്പിച്ച റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ നടപടികൾ ഫലപ്രദമായി പൂർത്തീകരിച്ചാൽ മാത്രമേ കമ്മിറ്റിയുടെ പ്രവർത്തനം അർത്ഥവത്താകുകയുള്ളൂ. ഇതിലേയ്ക്കായി വകുപ്പുകളുടെ പൂർണ്ണ സഹകരണം വരും നാളുകളിൽ കമ്മിറ്റി പ്രതീക്ഷിക്കുന്നു.

എം. എം. മണി,
ചെയർപേഴ്സൺ
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

തിരുവനന്തപുരം,
2025 മാർച്ച് 17

## അനുബന്ധം- I

## സമിതി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം

| നിയമസഭാ സമുച്ചയം (തീയതി) | ജില്ലാതലം (തീയതി) | സംസ്ഥാനതലം (തീയതി) | ആകെ |
|---|---|---|---|
| 09.01.2024 | | 23.09.2024 | 21 |
| 17.01.2024 | | 24.09.2024 | |
| 12.02.2024 | | 25.09.2024 | |
| 21.03.2024 | | 26.09.2024 * | |
| 22.05.2024 | | 27.09.2024 | |
| 01.07.2024 | | 28.09.2024 | |
| 23.07.2024 | | 29.09.2024 | |
| 31.07.2024 | | | |
| 23.08.2024 | | | |
| 10.09.2024 | | | |
| 09.10.2024 | | | |
| 11.11.2024 | | | |
| 27.11.2024 | | | |
| 17.12.2024 | | | |

* സമിതിയുടെ അന്യസംസ്ഥാന പഠനയാത്രയുടെ ഭാഗമായി ചേർന്ന യോഗങ്ങൾ

**അനുബന്ധം- II**

**സമിതി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും**

| ക്രമ നം. | യോഗ തീയതി | ഹാജരായ അംഗങ്ങളുടെ പേര് | സമിതി പരിഗണിച്ച വിഷയങ്ങളുടെ സംക്ഷിപ്തം |
|---|---|---|---|
| 1. | 09.01.2024 | **1.** ശ്രീ. എം. എം. മണി, എം.എൽ.എ.<br>**2.** ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.<br>**3.** ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.<br>**4.** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ. | 1961-ലെ കേരള ഫോറസ്റ്റ് ആക്ടിന് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ **162/2021 [The Kerala Forest (Regulation of Sawmill and Other Wood-based Industrial Units) rules 2021]** യുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട വനം-വന്യജീവി, നിയമം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.<br>**നടപടി പത്രിക ലഭ്യമാക്കാത്തത് സംബന്ധിച്ച തെളിവെടുപ്പ്**<br>• സമിതി (2016-19)യുടെ 7-ാമത് റിപ്പോർട്ടിലെ വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 8, 11, 15 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ<br>• സമിതി (2016-19)യുടെ 9-ാമത് റിപ്പോർട്ടിലെ 3 മുതൽ 18 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകൾ<br>**സമിതി പരിഗണിച്ച നടപടി പത്രികകൾ**<br>• സമിതി (2014-16)യുടെ 32-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുഭരണ (സർവ്വീസസ് -എ) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു.<br>• സമിതി (2019-21)യുടെ 24-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മത്സ്യബന്ധന (ബി) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. |
| 2. | 17.01.2024 | **1.** ശ്രീ. എം. എം. മണി, എം. എൽ. എ.<br>**2.** ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>**3.** ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.<br>**4.** ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.<br>**5.** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.<br>**6.** ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. | The Rights of Persons with Disabilities (Kerala) Rules, 2020(എസ്.ആർ.ഒ. നം.262/2020) യുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട സാമൂഹ്യനീതി, നിയമം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.<br>**സമിതി പരിഗണിച്ച നടപടി പത്രികകൾ**<br>• സമിതി (2014-16)യുടെ 27-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ആരോഗ്യ കുടുംബക്ഷേമം വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. |

| | | | |
|---|---|---|---|
| | | | **ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണന**<br>• സമിതി (2016-19)-യുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് |
| 3. | 12.02.2024 | 1. ശ്രീ. എം. എം. മണി, എം.എൽ.എ.<br>2. ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.<br>3. ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.<br>4. ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. | **സൂക്ഷ്മപരിശോധന റിപ്പോർട്ടിന്റെ കരട് പരിഗണന**<br>• 1951-ലെ ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ്, 1976-ലെ ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ് എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ (എസ്.ആർ.ഒ.നം. 952/2022, 956/2022) സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട്<br>• 2011-ലെ കേരള പോലീസ ആക്റ്റിന്മേൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ (എസ്.ആർ.ഒ. നം. 684/2019 & 275/2020) സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട് |
| 4. | 21.03.2024 | 1. ശ്രീ. എം. എം. മണി, എം.എൽ.എ.<br>2. ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.<br>3. ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. | ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (കേരള) റൂൾസ് 2020 (എസ്.ആർ.ഒ. നം. 262/2020)-ന്റെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട സാമൂഹ്യനീതി, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.<br><br>സമിതി (2021-23) യുടെ 3-ാമത് റിപ്പോർട്ടിലെ തുടർ ശിപാർശയിന്മേൽ സാസംസ്കാരിക കാര്യ വകുപ്പിന് സ്പഷ്ടീകരണം നൽകുന്ന വിഷയം പരിഗണിച്ചു.<br><br>സമിതി (2021-23) യുടെ 8-ാമത് റിപ്പോർട്ടിലെ ഖണ്ഡിക നം. 8-ലെ ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസ (പി.എസ്.) വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിച്ചു.<br><br>**സമിതി പരിഗണിച്ച നടപടി പത്രികകൾ** |

| | | | |
|---|---|---|---|
| | | | • സമിതി (2021-23)യുടെ 19-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. |
| 5. | 22.05.2024 | 1. ശ്രീ. എം. എം. മണി, എം.എൽ.എ.<br>2. ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.<br>3. ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.<br>4. ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.<br>5. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ. | 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി (എസ്.ആർ.ഒ. നം. 986/2021)യുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട ധനകാര്യം (ഇൻഫ്രാസ്ട്രക്ചർ), നിയമം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.<br><br>**<u>സമിതി പരിഗണിച്ച നടപടി പത്രികകൾ</u>**<br>• സമിതി (2021-23) യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. |
| 6. | 01.07.2024 | 1. ശ്രീ. എം. എം. മണി, എം.എൽ.എ.<br>2. ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.<br>3. ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.<br>4. ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.<br>5. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ. | **<u>സൂക്ഷ്മപരിശോധന റിപ്പോർട്ടിന്റെ കരട് പരിഗണന</u>**<br>• ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (കേരള) റൂൾസ് 2020 (എസ്.ആർ.ഒ. നം. 262/2020)-ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട്<br>• ദി കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് ആന്റ് ആദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ്, 2021 (എസ്.ആർ.ഒ. നം.162/2021)-ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട്<br>**<u>ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണന</u>**<br>• സമിതി (2011-14) യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്<br>• സമിതി (2016-19) യുടെ 10-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്<br>• സമിതി (2021-23) യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | • സമിതിയുടെ 2023-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ കരട് |
| 7. | 23.07.2024 | 1. ശ്രീ. എം. എം. മണി, എം. എൽ. എ.<br>2. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>3. ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.<br>4. ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.<br>5. ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.<br>6. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.<br>7. ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. | 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി (എസ്.ആർ.ഒ. നം. 986/2021) യുമായി ബന്ധപ്പെട്ട അധിക വിവരം സംബന്ധിച്ച് ധനകാര്യം (ഇൻഫ്രാസ്ട്രക്ചർ), നിയമം എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തി.<br>**നടപടി പത്രിക ലഭ്യമാക്കാത്തത് സംബന്ധിച്ച തെളിവെടുപ്പ്**<br>• സമിതി (2014-16)യുടെ 23-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മറുപടി ലഭ്യമാക്കാത്തതു സംബന്ധിച്ച് ധനകാര്യം, കൃഷി, ആസൂത്രണസാമ്പത്തികകാര്യം, ഗതാഗതം എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തി.<br>• സമിതി (2019-21)യുടെ 21-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മറുപടി ലഭ്യമാക്കാത്തതു സംബന്ധിച്ച് കായികയുവജനകാര്യ വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തി.<br>• സമിതി (2021-23)യുടെ 4-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മറുപടി ലഭ്യമാക്കാത്തതു സംബന്ധിച്ച് ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തി. |
| 8. | 31.07.2024 | 1. ശ്രീ. എം. എം. മണി, എം. എൽ. എ.<br>2. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>3. ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.<br>4. ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.<br>5. ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.<br>6. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ. | വയനാട്ടിലെ ചൂരൽമല മുണ്ടക്കൈ എന്നിവിടങ്ങളിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ മരണമടഞ്ഞവർക്ക് സമിതി അനുശോചനം രേഖപ്പെടുത്തി. യോഗത്തിന്റെ അജണ്ട സമിതിയുടെ മറ്റൊരു യോഗത്തിൽ പരിഗണിക്കാൻ തീരുമാനിച്ചു. |
| 9. | 23.08.2024 | 1. ശ്രീ. എം. എം. മണി, എം. എൽ. എ.<br>2. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>3. ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ. | **സമിതി പരിഗണിച്ച നടപടി പത്രികകൾ**<br>• സമിതി (2019-21)യുടെ 21-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ കായിക യുവജനകാര്യ (ബി) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. |

| | | | |
|---|---|---|---|
| | | **4.** ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.<br>**5.** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.<br>**6.** ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. | • സമിതി (2009-11)യുടെ 11-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി പരിഗണിച്ചു.<br>• സമിതി (2016-19)യുടെ 8-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി പരിഗണിച്ചു.<br><br>സമിതി (2023-26)യുടെ അഖിലേന്ത്യാ പഠന പര്യടന പരിപാടിയുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും യാത്രാ ഷെഡ്യൂൾ തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തു. |
| 10. | 10.09.2024 | **1.** ശ്രീ. എം. എം. മണി, എം. എൽ. എ.<br>**2.** ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>**3.** ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.<br>**4.** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ. | 1955-ലെ ദി എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിനു കീഴിൽ പുറപ്പെടുവിച്ച 'ദി കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 (എസ്.ആർ.ഒ. നം. 252/2021), 'ദി കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) അമെൻഡ്മെന്റ് നം.1 ഓർഡർ, 2021 (എസ്.ആർ.ഒ. നം. 993/2021) എന്നീ ഓർഡറുകൾ സംബന്ധിച്ച് വിശദമായി പഠിക്കുന്നതിനായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറിയുമായി ചർച്ച നടത്തി.<br><br>സമിതിയുടെ അഖിലേന്ത്യാ പഠന പരിപാടിയിൽ ഉൾപ്പെടുത്തേണ്ടുന്ന കാര്യപരിപാടികളെ സംബന്ധിച്ച ചർച്ച ചെയ്തു. |
| 11. | 23.09.2024 മുതൽ 29.09.2024 വരെ | **1.** ശ്രീ. എം. എം. മണി, എം. എൽ. എ.<br>**2.** ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.<br>**3.** ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>(29.09.2024-ൽ ചേർന്ന യോഗത്തിൽ | അഖിലേന്ത്യാ പഠനപര്യടന പരിപാടിയുടെ ഭാഗമായി ഒഡീഷ, പശ്ചിമ ബംഗാൾ, മേഘാലയ എന്നീ സംസ്ഥാനങ്ങൾ സമിതി സന്ദർശിച്ചു |

| | | | |
|---|---|---|---|
| | | ഹാജരായില്ല)<br>**4.** ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.<br>**5.** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.<br>**6.** ശ്രീ. സജീവ് ജോസഫ്, എം. എൽ. എ.<br>29.09.2024-ൽ ചേർന്ന യോഗത്തിൽ ഹാജരായില്ല) | |
| 12. | 09.10.2024 | **1.** ശ്രീ. എം. എം. മണി, എം. എൽ. എ.<br>**2.** ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>**3.** ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.<br>**4.** ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.<br>**5.** ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.<br>**6.** ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. | **സൂക്ഷ്മപരിശോധന റിപ്പോർട്ടിന്റെ കരട് പരിഗണന**<br>• 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി (എസ്.ആർ.ഒ. നം. 986/2021)-ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട്.<br>**ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണന**<br>• സമിതി (2019-21) യുടെ 21-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് |
| 13. | 11.11.2024 | **1.** ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>**2.** ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.<br>**3.** ശ്രീ. എം. മുകേഷ്, എം. എൽ. എ.<br>**4.** ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.<br>**5.** ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.<br>**6.** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ. | 2023-ലെ എസ്.ആർ.ഒ.കളുടെ പരിശോധന സംബന്ധിച്ച് തയ്യാറാക്കിയ ചോദ്യോവലി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് വകുപ്പ് തിരിച്ച് സർക്കാരിലേയ്ക്ക് അയച്ചു നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു.<br>**സമിതി പരിഗണിച്ച നടപടി പത്രികകൾ**<br>• സമിതി (2014-16)യുടെ 23-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു.<br>• സമിതി (2009-11)യുടെ 11-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. |
| 14. | 27.11.2024 | **1.** ശ്രീ. എം. എം. മണി, എം. എൽ. എ.<br>**2.** ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>**3.** ശ്രീ. എം. മുകേഷ്, എം. എൽ. എ. | **സമിതി പരിഗണിച്ച നടപടി പത്രികകൾ**<br>• സമിതി (2016-19)യുടെ 9-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വനം വന്യജീവി (ഡി) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി പരിഗണിച്ചു. |

| | | | |
|---|---|---|---|
| | | **4.** ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.<br>**5.** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.<br>**6.** ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. | • സമിതി (2021-23)യുടെ 3-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സാംസ്കാരിക കാര്യ (സി) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു.<br>• സമിതി (2014-16)യുടെ 27-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വ്യവസായ (ജി) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു.<br>• സമിതി (2014-16)യുടെ 23-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ഡി) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി പരിഗണിച്ചു. |
| 15. | 17.12.2024 | **1.** ശ്രീ. എം. എം. മണി, എം. എൽ. എ.<br>**2.** ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.<br>**3.** ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.<br>**4.** ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ. | 1955-ലെ ദി എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിനു കീഴിൽ പുറപ്പെടുവിച്ച 'ദി കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 (എസ്.ആർ.ഒ. നം. 252/2021), 'ദി കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) അമെൻഡ്മെന്റ് നം.1 ഓർഡർ, 2021 (എസ്.ആർ.ഒ. നം. 993/2021) എന്നീ ഓർഡറുകൾ സംബന്ധിച്ച സൂക്ഷ്മ പരിശോധന കുറിപ്പ് / ചോദ്യാവലിയിന്മേൽ ഭക്ഷ്യ സിവിൽ സപ്ലൈസ്, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.<br>സമിതി വിഭാഗത്തിൽ സൂക്ഷ്മ പരിശോധന പൂർത്തിയായ എസ്.ആർ.കളുടെ ചോദ്യോവലി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് വകുപ്പ് തിരിച്ച് സർക്കാരിലേയ്ക്ക് അയച്ചു നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു.<br>**<u>സമിതി പരിഗണിച്ച നടപടി പത്രികകൾ</u>**<br>• സമിതി (2016-19)-യുടെ 1-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ (ഭൂജല) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണ |

**അനുബന്ധം III**

**സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം**

| *ക്രമ നം.* | *റിപ്പോർട്ട് നം.* | *വിഷയം* | *സമിതി അംഗീകരിച്ച തീയതി* | *സഭയിൽ സമർപ്പിച്ച തീയതി* |
|---|---|---|---|---|
| 1. | 23 | 2019 ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച SRO-കളുടെ (SRO No. 273/2021, 88/2022, 708/2020, 294/2022) സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട് | 20.12.2023 | 30.01.2024 |
| 2. | 24 | 2016 ലെ കേരള അങ്കണവാടി വർക്കർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച SRO കളുടെ (SRO No. 254/2016, 385/2019, 33/2020) സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട് | 20.12.2023 | 30.01.2024 |
| 3. | 25 | സമിതി(2014-16)-യുടെ 25-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 29.09.2023 | 30.01.2024 |
| 4. | 26 | സമിതി(2016-19)-യുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 17.01.2024 | 30.01.2024 |
| 5. | 27 | 2011 ലെ കേരള പോലീസ് ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച SRO-കളുടെ (S24RO No. 684/2019, 275/2020) സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട് | 12.02.2024 | 14.02.2024 |
| 6. | 28 | The Payment of Salaries and Allowances Act, 1951 & The Kerala Payment of Pension to Members of Legislature Act, 1976<br>എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച (SRO No. 952/2022, 956/2022) സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട് | 12.02.2024 | 14.02.2024 |
| 7. | 29 | The Rights of Persons with Disabilities Act, 2016 -ന്റെ കീഴിൽ പുറപ്പെടുവിച്ച SRO 262/2020-ന്റെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട് | 01.07.2024 | 04.07.2024 |
| 8. | 30 | The Kerala Forest Act, 1961 -ന്റെ കീഴിൽ പുറപ്പെടുവിച്ച SRO 162/2021-ന്റെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട് | 01.07.2024 | 04.07.2024 |
| 9. | 31 | സമിതി (2011-14)-യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 01.07.2024 | 04.07.2024 |

| | | | | |
|---|---|---|---|---|
| 10. | 32 | സമിതി(2016-19)-യുടെ 10-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 01.07.2024 | 04.07.2024 |
| 11. | 33 | സമിതി(2021-23)-യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 01.07.2024 | 04.07.2024 |
| 12. | 34 | 2023-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 01.07.2024 | 04.07.2024 |
| 13. | 35 | The Kerala Infrastructure Investment Fund Borad Act, 1999-ന്റെ കീഴിൽ പുറപ്പെടുവിച്ച SRO 986/2021-ന്റെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട് | 09.10.2024 | 14.10.2024 |
| 14. | 36 | സമിതി(2019-21)-യുടെ 21-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് | 09.10.2024 | 14.10.2024 |

## അനുബന്ധം IV

## 2024-ൽ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തിയ എസ്.ആർ.ഒ. കളുടെ ലിസ്റ്റ്

| വിഷയം | സമിതി പരിഗണിച്ച തീയതി |
|---|---|
| 1961-ലെ കേരള ഫോറസ്റ്റ് ആക്ടിന് കീഴിൽ പുറപ്പെടുവിച്ച **The Kerala Forest (Regulation of Sawmill and Other Wood-based Industrial Units) rules 2021** **- എസ്. ആർ. ഒ. നം. 162/2021** | 09.01.2024 |
| The Rights of Persons with Disabilities (Kerala) Rules, 2020 **- എസ്. ആർ. ഒ. നം. 262/2020** | 17.01.2023 & 21.03.2024 |
| 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി **- എസ്. ആർ. ഒ. നം.** 986/2021 | 22.05.2024 & 23.07.2024 |
| 1955-ലെ ദി എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിന കീഴിൽ പുറപ്പെടുവിച്ച 'ദി കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021, 'ദി കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) അമെൻഡ്മെന്റ് നം.1 ഓർഡർ, 2021 **- എസ്. ആർ. ഒ. നം.** 252/2021 & 993/2021 | 17.12.2024 |

താഴെപ്പറയുന്ന എസ്.ആർ.ഒ. കൾ സൂക്ഷ്മ പരിശോധന നടത്തിയതിന്മേലുള്ള ചോദ്യോവലി / കുറിപ്പ് സമിതിയുടെ 11.11.2024-ലെ യോഗം പരഗിണ്ച്ച് അംഗീകരിക്കുകയും ചോദ്യാവലി ബന്ധപ്പെട്ട വകുപ്പുകൾക്ക് മറുപടിയ്ക്കായി അയച്ചുനൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻ പ്രകാരം ചോദ്യാവലി ബന്ധപ്പെട്ട വകുപ്പുകൾക്ക് 30.11.2024-ാം തീയതി അയച്ചിട്ടുണ്ട്.

എസ്.ആർ.ഒ. നമ്പറുകൾ : 1/2023 – 622/2023, 624/2023, 625/2023, 629/2023-633/2023, 639/2023, 644/2023 - 646/2023, 648/2023 – 732/2023, 734/2023 – 736/2023, 738/2023 - 750/2023, 754/2023, 759/2023, 761/2023, 765/2023 -767/2023, 769/2023 - 777/2023, 779/2023-786/2023, 788/2023, 790/2023-792/2023, 795/2023, 797/2023, 800/2023 - 804/2023, 806/2023, 807/2023, 809/2023, 810/2023, 813/2023, 814/2023, 816/2023 - 820/2023, 822/2023, 824/2023-826/2023, 829/2023-924/2023, 931/2023 – 933/2023, 935/2023-945/2023, 947/2023 - 958/2023, 960/2023 - 965/2023, 968/2023, 970/2023, 972/2023-979/2023, 981/2023, 982/2023, 985/2023-987/2023, 995/2023-997/2023, 999/2023 -1409/2023 (ഈ ക്രമനമ്പറുകളിൽ ഉൾപ്പെടാതെ വരുന്ന എസ്.ആർ.ഒ.കൾ സമിതി 2023-ൽ പരിഗണിച്ചു കഴിഞ്ഞവയാണ്.)

## അനുബന്ധം V

## 2024-ൽ കമ്മിറ്റി തീർപ്പാക്കിയ ഫയലുകളുടെ ലിസ്റ്റ്

| ക്രമ നം. | ഫയൽ നമ്പർ | ഫയൽ വിഷയം | വകുപ്പ് |
|---|---|---|---|
| 1. | 7170/സബ്. ലെജിൻ2/2014/നി.സെ. | സമിതി (2014-16) യുടെ 25-ാമത് റിപ്പോർട്ട്<br><br>[The Persons with Disabilities (Equal Oppurtunties, Protection of Rights and full participation )Act, 1995-ന്റെ കീഴിലുള്ള എസ്.ആർ.ഒ-കളുടെ സൂക്ഷ്മ പരിശോധന] | സാമൂഹ്യനീതി |
| 2. | 5069/സബ്. ലെജിൻ2/ 2018/നി.സെ. | സമിതി (2016-19) യുടെ 12-ാമത് റിപ്പോർട്ട്<br><br>[Energy Conservation Act, 2001-ന്റെ കീഴിലുള്ള എസ്.ആർ.ഒ-കളുടെ സൂക്ഷ്മ പരിശോധന] | ഊർജ്ജം |
| 3. | 994/സബ്. ലെജിൻ2/ 2018/നി.സെ. | സമിതി (2011-14) യുടെ 20-ാമത് റിപ്പോർട്ട്<br><br>[വിവിധ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന] | നികുതി,<br>നിയമം,<br>തദ്ദേശസ്വയംഭരണ,<br>റവന്യൂ,<br>മത്സ്യബന്ധ തുറമുഖം,<br>തൊഴിലും<br>നൈപുണ്യവും |
| 4. | 3746/സബ് ലെജിൻ 1/ 2016/നി.സെ. | സമിതി (2016-19) യുടെ 10-ാമത് റിപ്പോർട്ട്<br><br>[1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റിനു കീഴിലുള്ള എസ്.ആർ.ഒ.-കളുടെ സൂക്ഷ്മ പരിശോധന] | പൊതുമരാമത്ത് |
| 5. | 13915/സബ്. ലെജിൻ3/ 2023/നി.സെ. | സമിതി (2021-23) യുടെ 20-ാമത് റിപ്പോർട്ട്<br><br>[2020-ലെ ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി റൂൾസിന്റെ സൂക്ഷ്മ പരിശോധന] | പൊതുഭരണ (ന്യൂനപക്ഷക്ഷേമം) |
| 6. | 4398/സബ് ലെജിൻ 1/ 2017/നി.സെ. | സമിതി (2019-21) യുടെ 21-ാമത് റിപ്പോർട്ട്<br><br>[2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിനു കീഴിലുള്ള എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന | കായിക യുവജനകാര്യം |

## അനുബന്ധം- VI

## സർക്കാർ റിപ്പോർട്ട് ലഭിക്കാത്തതിനാൽ നടപടി തുടരുന്ന ഫയലുകളുടെ ലിസ്റ്റ്

| ക്രമ നം. | റിപ്പോർട്ട് നമ്പർ | ഫയൽ വിഷയം / ഫയൽ നം. | റിപ്പോർട്ട് വകുപ്പിന് അയച്ചു കൊടുത്ത തീയതി | ആകെ ശിപാർശകളുടെ എണ്ണം | നടപടി പത്രിക ലഭിക്കാനുള്ളവയുടെ എണ്ണവും ഖണ്ഡികകളും | വകുപ്പ് |
|---|---|---|---|---|---|---|
| 1. | സമിതി (2009-11) യുടെ 17-ാമത് റിപ്പോർട്ട് | 2000-ലെ കേരള സ്പോർട്സ് ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച 2006 മുതൽ 2009 വരെയുള്ള വിജ്ഞാപനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്<br><br>(2438/സബ്. ലെജിൻ1/ 2011/നി.സെ.) | 12.5.2011 | 35 എണ്ണം | **32 എണ്ണം**<br>ഖണ്ഡിക 60-91 | കായിക യുവജനകാര്യം |
| 2. | സമിതി (2011-14) യുടെ 10-ാമത് റിപ്പോർട്ട് | 2009-ലെ The Right of Children to Free and Compulsory Education Act,-v കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ കളുടെ സൂക്ഷ്മ പരിശോധന<br><br>(14039/സബ്. ലെജിൻ2/ 2023/നി.സെ.) | 19.02.2013 | 48 എണ്ണം | **3 എണ്ണം**<br>ഖണ്ഡിക 59, 61, 65 | പൊതു വിദ്യാഭ്യാസം |
| 3. | സമിതി (2011-14) യുടെ 15-ാമത് റിപ്പോർട്ട് | വിവിധ ആക്റ്റിന് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന<br><br>(2878/സബ്. ലെജിൻ2/ 2013/നി.സെ.) | 24.7.2013 | 16 എണ്ണം | **10 എണ്ണം**<br>ഖണ്ഡിക<br>38-41, 43, 44, 47-50 | പട്ടികജാതി-പട്ടികവർഗ്ഗ വികസനം |
| 4. | സമിതി (2014-16) യുടെ 23-ാമത് റിപ്പോർട്ട് | 1968-ലെ ദ കേരള പബ്ലിക സർവ്വീസസ് ആക്റ്റിന്റെ കീഴിൽ 2008 മുതൽ 2013 വരെയുള്ള എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന<br><br>(3612/സബ്. ലെജിൻ3/ 2014/നി.സെ.) | 21.07.2014 | 38 എണ്ണം | **5 എണ്ണം**<br>ഖണ്ഡിക 25-29 | കൃഷി |
| | | | | | **9 എണ്ണം**<br>ഖണ്ഡിക<br>56-61, 63, 64, 66 | ആസൂത്രണ-സാമ്പത്തികകാര്യം |
| | | | | | **1 എണ്ണം**<br>ഖണ്ഡിക 72 | ഗതാഗതം |
| | | | | | **12 എണ്ണം**<br>ഖണ്ഡിക<br>12-16 & 18-24 | ധനകാര്യം |

| ക്രമ നം. | റിപ്പോർട്ട് നമ്പർ | ഫയൽ വിഷയം / ഫയൽ നം. | റിപ്പോർട്ട് വകുപ്പിന് അയച്ചു കൊടുത്ത തീയതി | ആകെ ശിപാർശകളുടെ എണ്ണം | നടപടി പത്രിക ലഭിക്കാനുള്ളവയുടെ എണ്ണവും ഖണ്ഡികകളും | വകുപ്പ് |
|---|---|---|---|---|---|---|
| 5. | സമിതി (2014 -16) യുടെ 24-ാമത് റിപ്പോർട്ട് | SRO issued under various acts during 2007-2012<br><br>(7169/സബ്. ലെജിൻ1/ 2014/നി.സെ.) | 19.01.2015 | 9 എണ്ണം | **1 എണ്ണം**<br>ഖണ്ഡിക 24 | ആരോഗ്യ-കുടുംബക്ഷേമം |
| | | | 16.01.2015 | 7 എണ്ണം | **7 എണ്ണം**<br>ഖണ്ഡിക 28-34 | സ്റ്റോർ പർച്ചേസ് |
| 6. | സമിതി (2014-16) യുടെ 27-ാമത് റിപ്പോർട്ട് | SRO issued under various acts during 2008-2012<br><br>(1732/സബ്. ലെജിൻ2/ 2016/നി.സെ.) | 18.4.2016 | 39 എണ്ണം | **5 എണ്ണം**<br>ഖണ്ഡിക 48 - 52 | നികുതി |
| | | | | | **15 എണ്ണം**<br>ഖണ്ഡിക 24-38 | വ്യവസായം |
| | | | | | **5 എണ്ണം**<br>ഖണ്ഡിക 62-66 | വിനോദ സഞ്ചാരം |
| 7. | സമിതി (2014-16) യുടെ 32-ാമത് റിപ്പോർട്ട് | വിവിധ ആക്റ്റിന് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന<br><br>(1887/സബ്. ലെജിൻ1/ 2016/നി.സെ.) | 3.3.2016 | 24 എണ്ണം | **2 എണ്ണം**<br>ഖണ്ഡിക 6, 7 | പൊതുഭരണം |
| 8. | സമിതി (2016-19) യുടെ 1-ാമത് റിപ്പോർട്ട് | SRO issued under The Kerala Ground Water (Control and Regulation) Act, 2002<br><br>( 4039/സബ്. ലെജിൻ2/ 2010/നി.സെ.) | 18.11.2016 | 6 എണ്ണം | **1 എണ്ണം**<br>ഖണ്ഡിക 5 | ജലവിഭവ |
| 9. | സമിതി (2016-19) യുടെ 8-ാമത് റിപ്പോർട്ട് | 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിന്റെ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ സൂക്ഷ്മ പരിശോധന<br><br>(2454/സബ്. ലെജിൻ2/ 2017/നി.സെ.) | 2.6.2017 | 41 എണ്ണം | **41 എണ്ണം**<br>ഖണ്ഡിക<br>4-13, 16-19, 21-41, 43-45, 48-60 | മത്സ്യബന്ധന തുറമുഖം |
| 10. | സമിതി (2016-19) യുടെ 9-ാമത് റിപ്പോർട്ട് | 2072-ലെ വന്യജീവ (സംരക്ഷണം) ആക്റ്റിന്റെ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ സൂക്ഷ്മ പരിശോധന<br><br>(4400/സബ്. ലെജിൻ1/ 2016/നി.സെ.) | 24.5.2017 | 16 എണ്ണം | **16 എണ്ണം**<br>ഖണ്ഡിക 3-18 | വനം - വന്യജീവി |
| 11. | സമിതി (2016-19) യുടെ 13-ാമത് റിപ്പോർട്ട് | പന്ത്രണ്ടാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ | 05.04.2018 | 4 എണ്ണം | **2 എണ്ണം**<br>ഖണ്ഡിക 10, 23 | റവന്യൂ |

| ക്രമ നം. | റിപ്പോർട്ട് നമ്പർ | ഫയൽ വിഷയം / ഫയൽ നം. | റിപ്പോർട്ട് വകുപ്പിന് അയച്ചു കൊടുത്ത തീയതി | ആകെ ശിപാർശകളുടെ എണ്ണം | നടപടി പത്രിക ലഭിക്കാനുള്ളവയുടെ എണ്ണവും ഖണ്ഡികകളും | വകുപ്പ് |
|---|---|---|---|---|---|---|
| | | സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്<br><br>(4522/സബ്. ലെജിൻ2/ 2007/നി.സെ.) | | | | |
| 12. | സമിതി (2016-19) യുടെ 17-ാമത് റിപ്പോർട്ട് | ജൈവവൈവിധ്യ ആക്ട് , 2002 ന്റെ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന റിപ്പോർട്ട്<br><br>(7240/സബ്. ലെജിൻ3/ 2018/നി.സെ.) | 18.12.2018 | 30 എണ്ണം | **9 എണ്ണം**<br>ഖണ്ഡിക 5,6,8-11,13,14 | പരിസ്ഥിതി |
| 13. | സമിതി (2019-21) യുടെ 20-ാമത് റിപ്പോർട്ട് | 2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റിനു കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ സൂക്ഷ്മ പരിശോധന<br><br>(885/സബ്. ലെജിൻ2/ 2019/നി.സെ.) | 19.11.2019 | 6 എണ്ണം | **4 എണ്ണം**<br>ഖണ്ഡിക 7,9,12,13 | പൊതുഭരണം |
| 14. | സമിതി (2019-21) യുടെ 23-ാമത് റിപ്പോർട്ട് | 2014-ലെ കേരള സ്വീറ്റ് ടോഡി (നീര) റൂൾസിന്റെ സൂക്ഷ്മ പരിശോധന<br><br>(596/സബ്.ലെജിൻ3/ 2021/നി.സെ.) | 18.01.2021 | 17 എണ്ണം | **17 എണ്ണം**<br>ഖണ്ഡിക 9-11, 13, 15-17, 19, 21-29 | നികുതി |
| 15. | സമിതി (2019-21) 24-ാമത് റിപ്പോർട്ട് | The Kerala Marine Fishing Regulation Rules, 2018-ന്റെ സൂക്ഷ്മ പരിശോധന<br><br>(597/സബ്. ലെജിൻ3/ 2021/നി.സെ.) | 18.1.2021 | 14 എണ്ണം | **14 എണ്ണം**<br>ഖണ്ഡിക 3, 5 - 18 | മത്സ്യബന്ധന തുറമുഖം |
| 16. | സമിതി (2021-23) യുടെ 4-ാമത് റിപ്പോർട്ട് | 2016-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന<br><br>(836/സബ്. ലെജിൻ1/ 2019/നി.സെ.) | 18.3.2022 | 8 എണ്ണം | **8 എണ്ണം**<br>ഖണ്ഡിക 4,5,6,8,9,11,13,14 | ആരോഗ്യ-കുടുംബക്ഷേമം |
| 17. | സമിതി (2021-23) യുടെ | 2012-ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന | 16.07.2022 | 22 എണ്ണം | **1 എണ്ണം**<br>ഖണ്ഡിക 19 | തദ്ദേശ സ്വയംഭരണം |

| ക്രമ നം. | റിപ്പോർട്ട് നമ്പർ | ഫയൽ വിഷയം / ഫയൽ നം. | റിപ്പോർട്ട് വകുപ്പിന് അയച്ചു കൊടുത്ത തീയതി | ആകെ ശിപാർശകളുടെ എണ്ണം | നടപടി പത്രിക ലഭിക്കാനുള്ളവയുടെ എണ്ണവും ഖണ്ഡികകളും | വകുപ്പ് |
|---|---|---|---|---|---|---|
| | 6-ാമത് റിപ്പോർട്ട് | (12535/സബ്. ലെജിൻ2/ 2022/നി.സെ.) | | | **14 എണ്ണം** ഖണ്ഡിക 3-12,16,17,22,23 | ഉദ്യോഗസ്ഥ ഭരണപരിഷ്കാരം |
| 18. | സമിതി (2021-23) യുടെ 8-ാമത് റിപ്പോർട്ട് | 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന<br><br>(4579/സബ്. ലെജിൻ1/ 2019/നി.സെ.) | 14.07.2022 | 13 എണ്ണം | **13 എണ്ണം** ഖണ്ഡിക 10, 11, 13-22, 24 | പൊതു വിദ്യാഭ്യാസം |
| 19. | സമിതി (2021-23) യുടെ 9-ാമത് റിപ്പോർട്ട് | 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ സൂക്ഷ്മ പരിശോധന<br><br>(12525/സബ്. ലെജിൻ3/ 2022/നി.സെ.) | 14.07.2022 | 49 എണ്ണം | **49 എണ്ണം** ഖണ്ഡിക 4-46, 48-53 | കേരളീയ പ്രവാസികാര്യം |
| 20. | സമിതി (2021-23) യുടെ 10-ാമത് റിപ്പോർട്ട് | 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന<br><br>(12526/സബ്. ലെജിൻ3/ 2022/നി.സെ.) | 14.07.2022 | 13 എണ്ണം | **9 എണ്ണം** ഖണ്ഡിക 3-11 | കേരളീയ പ്രവാസികാര്യം |
| 21. | സമിതി (2021-23) യുടെ 11-ാമത് റിപ്പോർട്ട് | 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ-കളുടെ സൂക്ഷ്മ പരിശോധന<br><br>(4216/സബ്. ലെജിൻ1/ 2023/നി.സെ.) | 16.3.2023 | 98 എണ്ണം | **98 എണ്ണം** ഖണ്ഡിക 3 – 94, 98, 99, 103, 107, 108, 109 | ആരോഗ്യ-കുടുംബക്ഷേമം |
| 22. | സമിതി (2021-23) യുടെ 13-ാമത് റിപ്പോർട്ട് | 2014-ലെ The Street Vendors [ Protection of Livelihood and Regulation of Street Vending ] ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ-കളുടെ സൂക്ഷ്മ പരിശോധന<br><br>(4253/സബ്. ലെജിൻ2/ 2023/നി.സെ.) | 16.03.2023 | 83 എണ്ണം | **83 എണ്ണം** ഖണ്ഡിക 6-19, 25-40, 42-97 | തദ്ദേശ സ്വയംഭരണം |
| 23. | സമിതി (2021-23) യുടെ 14-ാമത് റിപ്പോർട്ട് | 2018-ലെ The National Food Securuty Rules-ന്റെ സൂക്ഷ്മ പരിശോധന<br><br>(4250/സബ്. ലെജിൻ3/ 2023/നി.സെ.) | 16.03.2023 | 78 എണ്ണം | **78 എണ്ണം** ഖണ്ഡിക 4 - 81 | ഭക്ഷ്യ-പൊതുവിതരണം |

| ക്രമ നം. | റിപ്പോർട്ട് നമ്പർ | ഫയൽ വിഷയം / ഫയൽ നം. | റിപ്പോർട്ട് വകുപ്പിന് അയച്ചു കൊടുത്ത തീയതി | ആകെ ശിപാർശകളുടെ എണ്ണം | നടപടി പത്രിക ലഭിക്കാനുള്ളവയുടെ എണ്ണവും ഖണ്ഡികകളും | വകുപ്പ് |
|---|---|---|---|---|---|---|
| 24. | സമിതി (2021-23) 15-ാമത് റിപ്പോർട്ട് | 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയുടെ സൂക്ഷ്മ പരിശോധന<br><br>(4251/സബ്. ലെജിൻ3/ 2023/നി.സെ.) | 16.03.2023 | 154 എണ്ണം | **154 എണ്ണം**<br>ഖണ്ഡിക 2 – 149, 151-156 | പൊതുഭരണ (ന്യൂനപക്ഷക്ഷേമ) |
| 25. | സമിതി (2021-23) യുടെ 21-ാമത് റിപ്പോർട്ട് | 2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന<br><br>(13916/സബ്. ലെജിൻ3/ 2023/നി.സെ.) | 10.08.2023 | 64 എണ്ണം | **64 എണ്ണം**<br>ഖണ്ഡിക 3-63, 65-68 | പൊതുഭരണ (ന്യൂനപക്ഷക്ഷേമ) |
| 26. | സമിതി (2023-26) യുടെ 23-ാം റിപ്പോർട്ട് | 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിനു കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ സൂക്ഷ്മ പരിശോധന<br><br>(1751/സബ്. ലെജിൻ3/ 2024/നി.സെ.) | 30.01.2024 | **130** എണ്ണം | **130 എണ്ണം**<br>ഖണ്ഡിക 3 - 132 | കൃഷി വകുപ്പ് |
| 27. | സമിതി (2023-26) യുടെ 24-ാം റിപ്പോർട്ട് | 2016 -ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ -കളുടെ സൂക്ഷ്മ പരിശോധന<br><br>(1754/സബ്. ലെജിൻ1/ 2024/നി.സെ.) | 07.03.2024 | **13** എണ്ണം | **13 എണ്ണം**<br>ഖണ്ഡിക 3- 18 | വനിതാ ശിശുവികസന വകുപ്പ് |
| 28. | സമിതി (2023-26) യുടെ 27-ാം റിപ്പോർട്ട് | 2011 -ലെ കേരള പോലീസ് ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച് എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന<br>(2732/സബ്. ലെജിൻ1/ 2024/നി.സെ.) | 16.05.2024 | **60** എണ്ണം | **60 എണ്ണം**<br>ഖണ്ഡിക 4- 65 | ആഭ്യന്തര വകുപ്പ് |
| 29. | സമിതി (2023-26) യുടെ 28-ാം റിപ്പോർട്ട് | 1951 -ലെ ദി പേയ്മെന്റ് ഓഫ് സാലറിസ് ആൻഡ് അലവൻസസ് ആക്റ്റ് , 1976 -ലെ ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ് എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധന<br><br>(2733/സബ്. ലെജിൻ1/ 2024/നി.സെ.) | 16.05.2024 | **2** എണ്ണം | **2 എണ്ണം**<br>ഖണ്ഡിക 7, 9 | പാർലമെന്ററികാര്യ വകുപ്പ് |
| 30. | സമിതി (2023-26) യുടെ 29-ാം റിപ്പോർട്ട് | ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (കേരള) റൂൾസ്, 2020 -ന്റെ സൂക്ഷ്മ പരിശോധന<br><br>(11763/സബ്. ലെജിൻ1/ 2024/നി.സെ.) | 16.10.2024 | **46** എണ്ണം | **46 എണ്ണം**<br>ഖണ്ഡിക 3- 11, 13-49 | സാമൂഹ്യ നീതി വകുപ്പ് |

| ക്രമ നം. | റിപ്പോർട്ട് നമ്പർ | ഫയൽ വിഷയം / ഫയൽ നം. | റിപ്പോർട്ട് വകുപ്പിന് അയച്ചു കൊടുത്ത തീയതി | ആകെ ശിപാർശകളുടെ എണ്ണം | നടപടി പത്രിക ലഭിക്കാനുള്ളവയുടെ എണ്ണവും ഖണ്ഡികകളും | വകുപ്പ് |
|---|---|---|---|---|---|---|
| 31. | സമിതി (2023-26) യുടെ 30-ാം റിപ്പോർട്ട് | 20211-ലെ The Kerala Forest (Regulation of Sawmills and Other Wood Based Industrial Units) Rules-ന്റെ സൂക്ഷ്മ പരിശോധന<br><br>(11764/സബ്. ലെജിൻ2/ 2024/ലെജി.) | 04.07.2024 | 123 എണ്ണം | **123 എണ്ണം**<br>ഖണ്ഡിക 1-33, 35-124 | വനം-വന്യജീവി വകുപ്പ് |
| 32. | സമിതി (2023-26) യുടെ 33-ാം റിപ്പോർട്ട് | സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-23)യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്<br><br>(280/സബ്. ലെജിൻ3/ 2025/ലെജി.) | 04.07.2024 | **2** എണ്ണം | **2 എണ്ണം**<br>ഖണ്ഡിക 10, 41 | പൊതുഭരണ (ന്യൂനപക്ഷക്ഷേമം) വകുപ്പ് |
| 33. | സമിതി (2023-26) യുടെ 35-ാം റിപ്പോർട്ട് | 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപക നിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ സൂക്ഷ്മ പരിശോധനകളുടെ<br><br>(17602/സബ്. ലെജിൻ2/ 2024/ലെജി.) | 14.10.2024 | 37 എണ്ണം | **37 എണ്ണം**<br>ഖണ്ഡിക 1-37 | ധനകാര്യം |